കൺവീനർ

(ജി) ഇല്ല.

(എച്ച്) സെലക്ഷൻ കമ്മിറ്റിയുടെ രൂപീകരണം ജാതി പ്രാതിനിധ്യം കണക്കിലെടുത്തല്ലാത്തതിനാൽ ഈ കമ്മിറ്റിയിൽ പട്ടികജാതിയിൽപ്പെട്ട ആരെങ്കിലും ഉണ്ടോ എന്ന വിവരം ലഭ്യമല്ല.

(ഐ) ആദ്യം രൂപീകരിച്ച കമ്മിറ്റിയിൽ ഉണ്ടായിരുന്ന ഒരാൾക്ക് കമ്മിറ്റിയിൽ തുടരുന്നതിന് അസൗകര്യം ഉണ്ടായതുമൂലമാണ് അയാളെ മാറ്റി പകരം മറ്റൊരാളെ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയത്.

(ജെ)&(കെ) വിവരം ശേഖരിച്ചുവരുന്നു.

(എൽ) ഇന്റർവ്യൂ സമയത്ത് സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങളെയല്ലാതെ മറ്റാരേയും ക്ഷണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എം) അംഗൻവാടികളിലേക്ക് വർക്കർമാരേയും ഹെൽപ്പർമാരേയും തെരഞ്ഞെടുക്കുന്നതിന് തെരഞ്ഞെടുപ്പ് സമിതികൾ രൂപീകരിക്കണമെന്നു മാത്രമേ കേന്ദ്ര ഐ.സി.ഡി.എസ്. മാനുവലിൽ നിർദ്ദേശിച്ചിട്ടുള്ളൂ. അതനുസരിച്ച് സംസ്ഥാനത്ത് സർക്കാർ രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മിറ്റികളാണ് അംഗൻവാടി പ്രവർത്തകരെ തെരഞ്ഞെടുക്കുന്നത്.

(എൻ) ലിസ്റ്റ് പൂർത്തിയായിട്ടില്ല.

(ഒ) സെലക്ഷൻ ലിസ്റ്റ് സാമൂഹ്യ ക്ഷേമ ഡയറക്ടർ അംഗീകരിച്ചതിനുശേഷം ഒ.പി.നം. 32416/99 ലെ വിധിയുടെ അടിസ്ഥാനത്തിൽ അംഗൻവാടി പ്രവർത്തകരെ നിയമിച്ച് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

70 (2218) കായംകുളം മണ്ഡലത്തിലെ 'പ്രോത്സാഹൻ സങ്കേത്'

<u>ശ്രീ. ജി. സുധാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഭഗവതിപ്പടിക്കടുത്തുള്ള മന്ദബുദ്ധികളായ കുട്ടികളെ പരിചരിച്ച് വിദ്യാഭ്യാസം നൽകുന്ന 'പ്രോത്സാഹൻ സങ്കേത്' എന്ന ജീവകാരുണ്യ സ്ഥാപനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിന് സാമൂഹ്യക്ഷേമ വകുപ്പ് ഇപ്പോൾ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(സി) കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) 'പ്രോത്സാഹൻ സങ്കേതി' ന് കായംകുളം ടൗണിൽ ഒരു സെന്റർ ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 'പ്രോത്സാഹൻ സങ്കേതി'ന് ആവശ്യമായ പരിശോധന നടത്തി കേരള സർക്കാരിൽ നിന്നും കിട്ടേണ്ട ന്യായമായ സഹായങ്ങൾ ശുപാർശ ചെയ്യണമെന്ന് കാണിച്ച് ബഹു.മന്ത്രിക്ക് കായംകുളം എം.എൽ.എ.വഴി നൽകിയ നിവേദനങ്ങളിൻമേൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ സ്വീകരിച്ച നടപടി എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ഈ ഓഫീസർ സത്യസന്ധമായും കൃത്യനിഷ്ഠയോടെയും മാനുഷിക പരിഗണന വച്ചും 'പ്രോത്സാഹൻ സങ്കേതിൽ' ആവശ്യമായ പരിശോധന നടത്തിയിട്ടില്ലെന്നും ഈ ജീവകാരുണ്യ സ്ഥാപനത്തിന് ലഭിക്കേണ്ട സഹായങ്ങൾ ശുപാർശ ചെയ്തിട്ടില്ലെന്നുമുള്ള ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ജി) ഈ ഓഫീസർ ന്യായമായി ഔദ്യോഗിക നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ തക്കതായ നടപടികൾ സ്വീകരിക്കുമോ;

(എച്ച്) ജില്ലാ സാമൂഹ്യക്ഷേമ ഓഫീറുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെപ്പറ്റി ഒരു ഡിപ്പാർട്ടുമെന്റൽ പരിശോധന നടത്താൻ ഒരു ഉന്നത ഉദ്യോഗസ്ഥനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഐ) കായംകുളം നിയമസഭാ സാമാജികനുമായി ജില്ലാ ഓഫീസർ നാളിതുവരെ മണ്ഡലത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെപ്പറ്റി യാതൊരു ആശയ വിനിമയവും നടത്താൻ തയ്യാറാകാതിരുന്നതിനെപ്പറ്റി അന്വേഷിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമൂഹ്യക്ഷേമവകുപ്പിൽനിന്നും നിലവിൽ സഹായങ്ങളൊന്നും നൽകുന്നില്ല.

(സി) സന്നദ്ധസംഘടനകൾക്ക് ധനസഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും നേരിട്ടാണ് ലഭിക്കുന്നത്. ആകയാൽ ഈ വിവരം ഗവൺമെന്റിൽ ലഭ്യമല്ല.

(ഡി) ഉണ്ട്.

(ഇ) ബഹു. മന്ത്രിക്ക് കായംകുളം എം.എൽ.എ.വഴി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് വികലാംഗ ക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സന്നദ്ധസംഘടനകൾക്ക് നൽകുന്ന ധനസഹായ പദ്ധതിയ്ക്ക് അപേക്ഷിക്കാനാവശ്യമായ സ്കീമിന്റെ പകർപ്പ് സ്ഥാപനത്തിലെ അദ്ധ്യാപക രക്ഷാകർത്തൃസമിതിക്ക് അയച്ചുകൊടുക്കുകയും 24-7-99-ൽ സംഘടന ധനസഹായത്തിന് അപേക്ഷിക്കുകയും ചെയ്തു. ഇതിൻമേൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെ 11-2-2000-ൽ അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിൽ ചില അപാകതകൾ കണ്ടതിനാൽ ആയത് അടിയന്തിരമായി പരിഹരിച്ച് നൽകുന്നതിന് 28-2-2000-ൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാലുടൻ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

(എഫ്),(ജി),(എച്ച്)&(ഐ) ഇങ്ങനെയുള്ള പരാതികൾ സർക്കാരിൽ ലഭിച്ചിട്ടില്ല. അത്തരം പരാതികൾ ലഭിച്ചാൽ ആയത് പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

71 (2219) അനാഥാലയങ്ങളുടെ പ്രവർത്തനം

ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly